**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - കോവിഡ് 19 - പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്ത് ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങൾ - പരിഷ്കരിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

**ദുരന്ത നിവാരണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.22/2022/DMD തീയതി,തിരുവനന്തപുരം, 10/01/2022

പരാമർശം:-
1. സ.ഉ(സാധാ) നം.564/2021/ഡി.എം.ഡി തീയതി 04.08.2021.
2. സ.ഉ(സാധാ) നം.669/2021/ഡി.എം.ഡി തീയതി 02.10.2021.
3. സ.ഉ(സാധാ) നം.729/2021/ഡി.എം.ഡി തീയതി 05.11.2021.
4. സ.ഉ(സാധാ) നം.8/2022/ഡി.എം.ഡി തീയതി 04.01.2022.

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് കോവിഡ് വൈറസ് അതിവേഗം പടർന്ന് പിടിക്കുന്ന സാഹചര്യം നിലനിൽക്കുന്നതിനാൽ പരാമർശിത ഉത്തരവുകളുടെ തുടർച്ചയായി സംസ്ഥാന ദുരന്തനിവാരണഅതോറിറ്റിയുടെ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി ചെയർമാൻ എന്ന നിലയിൽ ദുരന്ത നിവാരണ നിയമം 2005 സെക്ഷൻ 20(3) നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് ബന്ധപ്പെട്ട അധികാരികൾ കർശനമായി നടപ്പിലാക്കുന്നതിനായി താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് ഉത്തരവാകുന്നു.

1. കല്യാണം, മരണാനന്തര ചടങ്ങുകൾ എന്നിവയിൽ പങ്കെടുക്കാവുന്നവരുടെ എണ്ണം പരമാവധി 50 ആയി പരിമിതപ്പെടുത്തേണ്ടതാണ്.

2. എല്ലാ തരത്തിലുമുള്ള ഒത്തുചേരലുകളും, യോഗങ്ങളും ചടങ്ങുകളും, സാമൂഹ്യ, രാഷ്ട്രീയ, സാംസ്കാരിക സാമുദായിക പൊതുപരിപാടികളും അത്യാവശ്യ സന്ദർഭങ്ങളിലൊഴികെ ഓൺലൈനായി നടത്തേണ്ടതാണ്. അത്തരം സന്ദർഭങ്ങളിൽ നടക്കുന്ന യോഗങ്ങൾ നിലവിലെ മാനദണ്ഡങ്ങൾ അനുസരിച്ച് സാമൂഹിക അകലം പാലിച്ചും മറ്റ് കോവിഡ് മാനദണ്ഡങ്ങൾ അനുസരിച്ചും മാത്രമേ നടത്തുന്നുള്ളൂ എന്നുള്ളത് സംഘാടകർ ഉറപ്പ് വരുത്തേണ്ടതാണ്. അടച്ചിട്ട മുറിയിൽ വായുസഞ്ചാരം ഉറപ്പാക്കി മാത്രമേ പരിപാടികൾ സംഘടിപ്പിക്കുവാൻ പാടുള്ളൂ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വിജിലൻസ് വകുപ്പ്
അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂവും ദുരന്ത നിവാരണവും വകുപ്പ്
എല്ലാ ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും
കമ്മീഷണർ,ലാൻഡ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ വകുപ്പ് തലവൻമാർക്കും

മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്, വികാസ് ഭവൻ,തിരുവനന്തപുരം-33

എല്ലാ അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കും/ പൊതുമേഖലാ സ്ഥാപനങ്ങൾക്കും

വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ് :-

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിയ്ക്ക്

ഉത്തരവിൻ പ്രകാരം

Signed by Preetha V

Date: 10-01-2022 21:43:39

സെക്ഷൻ ഓഫീസർ

Reason: Approved